(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്നും അതിനായി, സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) ജില്ലാ ആസ്ഥാനത്തുള്ള കെ.എസ്.ആർ.ടി.സി.യുടെ പ്രസ്തുത സബ്ഡിപ്പോ, ജില്ലാ ഡിപ്പോയാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മലപ്പുറം കെ. എസ്. ആർ. ടി. സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് ബി. ഒ. ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനു വേണ്ടി KTDFC revised administrative sanction-ന് വേണ്ടി revised estimate സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. സർക്കാർ, മൂന്ന് (3) ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുകയും, ഇപ്പോൾ ആ കമ്മിറ്റി എസ്റ്റിമേറ്റിന്റെ പരിശോധന നടത്തിക്കൊണ്ടിരിക്കുകയുമാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും നിർമ്മാണം ആരംഭിക്കുന്നതുമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ്**

**253 (4042)** ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിന്റെ നഷ്ടപരിഹാര തുക നൽകാത്തതുമൂലം കെ.എസ്.ആർ.ടി.സി.യുടെ എത്ര ബസ്സുകൾ ജപ്തി ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങൾ ഡിപ്പോ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. സർവീസ് നടത്തുന്ന തമിഴ്നാട്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളിൽ ബസ്സ് ജപ്തി ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നഷ്ടപരിഹാര ഇനത്തിൽ എത്ര തുക ഇനിയും നൽകുവാനുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ എത്ര ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉണ്ട് ; ഇല്ലാത്തവ എത്ര ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിന്റെ നഷ്ടപരിഹാരത്തുക നൽകാത്തതുമൂലം കെ. എസ്. ആർ. ടി. സി. യുടെ 67 ബസ്സുകൾ ജപ്തി ചെയ്തിട്ടുണ്ട്. ആലപ്പുഴ-2, കോട്ടയം-9, മലപ്പുറം-17, വടകര-8, മൂവാറ്റുപ്പുഴ-21, പാലക്കാട്-4, കൽപ്പറ്റ-3, സുൽത്താൻബത്തേരി-2, കോഴിക്കോട്-1. നിലവിൽ ഒരു ബസ്സും ജപ്തി ചെയ്യപ്പെട്ട് കിടപ്പില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തമിഴ്നാട്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളിലെ വിവിധ MACT കോടതികളിലായി 4 ബസ്സുകൾ ജപ്തി ചെയ്തിട്ടുണ്ട്. തമിഴ്നാട്ടിലെ തെങ്കാശി കോടതിയുടെ ഉത്തരവിന്മേൽ 2 കേസുകളിലായി പുനലൂർ ഡിപ്പോയിലെ ഒരു ബസ്സും ബാംഗ്ലൂർ MACT കോടതിയുടെ ഉത്തരവിന്മേൽ 1 ബസ്സും നാഗർകോവിൽ MACT കോടതിയുടെ ഉത്തരവിന്മേൽ 1 ബസ്സും ജപ്തി ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഒരു ബസ്സും ജപ്തി ചെയ്യപ്പെട്ട് കിടപ്പില്ല.

(സി) നഷ്ടപരിഹാര കേസുകളിൽ കെ. എസ്. ആർ. ടി. സി. 42 കോടിയോളം രൂപ വിവിധ കോടതികളിൽ കെട്ടിവയ്ക്കാനുണ്ട്.

(ഡി) കെ. എസ്. ആർ. ടി. സി. യുടെ 2511 ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. അവയിൽ 1753 ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും 758 ബസ്സുകൾക്ക് കോംപ്രിഹെൻസീവ് ഇൻഷ്വറൻസും നിലവിലുണ്ട്.

## ദിവസവേതനത്തിന് ജോലി ചെയ്തുവരുന്ന കണ്ടക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി

**254 (4043)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. സെലക്ടഡ് ലിസ്റ്റിൽ നിന്ന് കെ.എസ്.ആർ.ടി.സി. യിൽ കണ്ടക്ടർമാരായി നിയമനം ലഭിച്ചവർ വർഷങ്ങളായി ദിവസ വേതനത്തിന് ജോലി ചെയ്തു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേർ ഈ വിധം ജോലി ചെയ്തു വരുന്നുണ്ട് ; എത്ര വർഷമായി ജോലി ചെയ്യുന്നു ;

(സി) ഇവരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശമുണ്ടോ ; എങ്കിൽ എന്നാണ് ഉത്തരവുണ്ടായത് ;

(ഡി) എങ്കിൽ ഉത്തരവ് നടപ്പാക്കാതെ നിയമനകാര്യം നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണമെന്ത് ;

(ഇ) വിധിയിലെ അവ്യക്തതയാണോ ; എങ്കിൽ അക്കാര്യം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുമോ ;

(എഫ്) ഇല്ലെങ്കിൽ സമയബന്ധിതമായി ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-എഫ്) നിലവിലുള്ള കണക്കുകൾ പ്രകാരം 6 വർഷമായി ജോലി ചെയ്തുവരുന്ന 930 പേർ ഇപ്രകാരമുണ്ട്. ഇത്തരക്കാരുടെ വിഷയം പരിശോധിച്ച്

LIBRARY ARCHIVES Kerala Legislative Assembly